B.Sc. Psychology with psychological Statistics and Human Psychology, B.A English with Journalism and Public Relation എന്നീ അഞ്ച് കോഴ്സുകളോടുകൂടി കോളേജ് ആരംഭിക്കുന്നതിന് 1,97,58,732 (ഒരു കോടി തൊണ്ണൂറ്റിയേഴ് ലക്ഷത്തി അമ്പത്തിയെട്ടായിരത്തി എഴുന്നൂറ്റി മുപ്പത്തി രണ്ട്) രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. ധനകാര്യ വകുപ്പിന്റെ അനുമതി ലഭിച്ചാലുടൻ ഇക്കാര്യത്തിലുള്ള തുടർനടപടി ത്വരിതപ്പെടുത്തുന്നതാണ്.

10. അധ്യാപക തസ്തികകൾ

ശ്രീ. വി. റ്റി. ബൽറാം : സർ, നമ്മുടെ വിദ്യാഭ്യാസ രംഗത്ത് അധ്യാപക പരിശീലനത്തിന് വളരെ പ്രാധാന്യമുണ്ട്. ആ പ്രാധാന്യം കണക്കിലെടുത്തു കൊണ്ടുതന്നെയാണ് 1986-ലെ പുതിയ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി ജില്ലാ അധ്യാപക പരിശീലന കേന്ദ്രങ്ങൾ (DIET) ആരംഭിക്കാൻ തീരുമാനിച്ചത്. കേരളത്തിൽ നല്ല രീതിയിൽ DIET (District Institute of Education and Training)-കൾ പ്രവർത്തിച്ചുവരികയാണ്. പക്ഷേ ഇന്ന് കേരളത്തിലെ 14 DIET-കളിലെ 13 ഫാക്കൽറ്റികളിലായി ഏതാണ്ട് എൺപതോളം അധ്യാപകരുടെ ഒഴിവുകൾ നികത്തപ്പെടാതെ കിടക്കുകയാണ്. ഈ ഒഴിവുകളിൽ പകുതി പി.എസ്.സി. വഴി നേരിട്ട് റിക്രൂട്ട്മെന്റ് നടത്തേണ്ടതും ബാക്കി പകുതിയിലേയ്ക്ക് യോഗ്യരായിട്ടുള്ള നിലവിൽ സർവ്വീസിലുള്ള അധ്യാപകരിൽ നിന്ന് ഇന്റർവ്യൂ നടത്തിയാണ് ആ അധ്യാപക നിയമനങ്ങൾ പൂർത്തീകരിക്കേണ്ടത്. കുറെ DIET ലക്ചറർമാർ എസ്.എസ്.എ.-യിലേക്കും ആർ.എം.എസ്.എ. (രാഷ്ട്രീയ മാദ്ധ്യമിക് ശിക്ഷാ അഭിയാൻ)-യിലുമൊക്കെ ഡെപ്യൂട്ടേഷനിൽ പോയിട്ടുണ്ട്. ഇങ്ങനെയുള്ള ഒരുപാട് ഒഴിവുകൾ കിടക്കുന്നതുകാരണം DIET-കളുടെ പ്രവർത്തനം താളംതെറ്റിയ അവസ്ഥയിലാണ്. അധ്യാപക പരിശീലനവുമായി ബന്ധപ്പെട്ട് മാത്രമല്ല, കരിക്കുലവുമായി ബന്ധപ്പെട്ട മറ്റൊരുപാട് പ്രവർത്തനങ്ങളും DIET വഴി നടപ്പാക്കേണ്ടതുണ്ട്. ഞങ്ങളുടെയൊക്കെ നിയോജകമണ്ഡലങ്ങളിൽ നടപ്പാക്കുന്ന സമഗ്ര വിദ്യാഭ്യാസ പദ്ധതിയിലും DIET അധ്യാപകരുടെ സേവനം ആവശ്യമായി വരികയാണ്. അതുകൊണ്ട് അധ്യാപകരുടെ നിലവിലുള്ള ഒഴിവുകൾ എത്രയുംപെട്ടെന്ന് നികത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഗവൺമെന്റ് ഇക്കാര്യത്തിൽ 18-12-2012-ൽത്തന്നെ ഒരു നിർദ്ദേശം നൽകിക്കഴിഞ്ഞു. അതിന് 73137/ഡി3/12 എന്ന ഫയൽ നമ്പർ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റ് നൽകിയിട്ടുണ്ട്. 2203/ഡി3/13 എന്ന ഫയൽ നമ്പരിൽ ഡി.പി.ഐ.-യുടെ ഓഫീസിലും ഇത് സ്വീകരിച്ചിട്ടുണ്ട്. ഒന്നരവർഷമായിട്ടും ഈ ഫയലിന്മേൽ ഒരു തീരുമാനമെടുത്തിട്ടില്ല. അതുകൊണ്ട് എനിക്ക് ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത് കേരളത്തിലെ 14 DIET-കളിൽ ഒഴിവുള്ള അധ്യാപക തസ്തികകളിലേയ്ക്ക് സർവ്വീസിലുള്ള അധ്യാപകരിൽനിന്ന് എത്രയുംപെട്ടെന്ന് ഇന്റർവ്യൂ നടത്തി അധ്യാപക തസ്തികകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിക്കണം. ഇക്കാര്യത്തിൽ ഡി.പി.ഐ.-യുടെ ഭാഗത്തുനിന്നുള്ള ഡിലേ എത്രയും വേഗം ഒഴിവാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ, കേരളത്തിലെ 14 DIET-കളിൽ വിവിധ വിഷയങ്ങളിലായി 63 ലക്ചറർ തസ്തികകളിൽ ഒഴിവുകൾ നിലവിലുണ്ട്. DIET സ്പെഷ്യൽ റൂൾ പ്രകാരം നിലവിലുള്ള ഒഴിവുകളുടെ പകുതി പി.എസ്.സി. മുഖേന നേരിട്ടും ബാക്കി പകുതി ഒഴിവുകൾ യോഗ്യരായ പ്രൈമറി-ഹൈസ്കൂൾ-ഹയർ സെക്കന്ററി-വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകരിൽ നിന്നും ബൈ ട്രാൻസ്ഫർ മുഖേനയുമാണ് നിയമിക്കേണ്ടത്. DIET സ്പെഷ്യൽ റൂളിൽ DIET ലക്ചറർമാരുടെ 23 വിഷയങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എന്നാൽ DIET-കളിൽ 13 വിഷയങ്ങൾക്കുള്ള തസ്തികകൾ മാത്രമാണ് നിലവിലുള്ളത്. സ്പെഷ്യൽ റൂളിൽ അനുശാസിക്കുന്ന മറ്റുവിഷയങ്ങളിലും നിയമനം നടത്തണമെന്ന അപേക്ഷ പരിഗണിച്ച് ഓരോ വിഷയത്തിനും ഓരോ ജില്ലയിലേയും ആവശ്യകത പരിശോധിച്ച്, ഓരോ ജില്ലയിലും നിലവിലുള്ള ഒഴിവുകൾ വേർതിരിച്ച് പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് എസ്.സി.ഇ.ആർ.ടി.-യെ ചുമതലപ്പെടുത്തുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്. ഇക്കാര്യത്തിൽ താമസംവിനാ നടപടികൾ സ്വീകരിക്കുന്നതാണ്.

11. തൂക്കുപാലം

ശ്രീ. പി. കെ. ബഷീർ : സർ, എന്റെ നിയോജകമണ്ഡലത്തിലെ എടവണ്ണ പഞ്ചായത്തിലെ ചാലിയാർ പുഴയ്ക്ക്, കുണ്ടുതോട്-കൊളപ്പാട് പ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന സ്ഥലത്ത്, ഒരു തൂക്കുപാലം നിർമ്മിക്കണമെന്നാണ് ഈ സബ്മിഷനിലെ എന്റെ ആവശ്യം. കുണ്ടുതോട്-കൊളപ്പാട് ഭാഗങ്ങളിൽ, ഒരു യു.പി. സ്കൂളുമായി ബന്ധപ്പെടാൻ 8 കിലോമീറ്ററോളം ചുറ്റി പോകേണ്ട ഒരവസ്ഥയാണുള്ളത്. അവിടെയുള്ള ആളുകൾക്ക് തൊട്ടടുത്ത അങ്ങാടിയെന്ന് പറയുന്നത് കൊളപ്പാട്-കുണ്ടുതോട് പ്രദേശമാണ്. അതുകൊണ്ട് ആളുകൾ യാത്രയ്ക്കായി വളരെയധികം ബുദ്ധിമുട്ടനുഭവിക്കുന്നുണ്ട്. ഒരു തൂക്കുപാലം അവിടെ നിർമ്മിച്ചാൽ 300-400 മീറ്റർ ദൂരം കൊണ്ട് ആളുകൾക്ക് കുണ്ടുതോട് ടൗണിൽ എത്താൻ സാധിക്കും. അതുകൊണ്ട് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ചാലിയാർ പുഴക്ക് കുറുകെയായി കൊളപ്പാട്-കുണ്ടുതോട് കടവിൽ ഒരു തൂക്കുപാലം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതിന്റെ എസ്റ്റിമേറ്റിന് ഒരു കോടി രൂപ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് നീക്കിവയ്ക്കാൻ തയ്യാറാണ്. അക്കാര്യത്തിൽ ഒരു നടപടിയുണ്ടാകണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ, സംസ്ഥാനത്തെ കടവുകളിൽ അടിയ്ക്കടിയുണ്ടായ ബോട്ട് അപകടങ്ങളെത്തുടർന്ന് ഒരു താൽക്കാലിക നടപടിയെന്ന നിലയിലാണ് 2010-ൽ തൂക്കുപാലം നിർമ്മിക്കാൻ ആലോചിച്ചത്. സംസ്ഥാനമൊട്ടാകെ 554 കടവുകളിൽ തൂക്കുപാലം ആവശ്യമാണെന്ന് കണ്ടെത്തി. എന്നാൽ അതിനാവശ്യമായ ഭാരിച്ച ചെലവ് കണക്കിലെടുത്ത് അത്യാവശ്യമുള്ള 45 പാലങ്ങൾ നിർമ്മിക്കാൻ തീരുമാനിക്കുകയുണ്ടായി. സംസ്ഥാനത്ത് ദുരന്തപ്രതികരണനിധിയിൽ നിന്നും തുക

LIBRARY ARCHIVES Kerala Legislative Assembly